(ബി) സമരക്കാർ കോളായുൽപ്പന്നങ്ങളോ, കോളാ വിൽപ്പനയുമായി ബന്ധപ്പെട്ട് സാധന സാമഗ്രികളോ നശിപ്പിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ തൻമൂലം എന്തു നഷ്ടമുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കോട്ടയം ജില്ലയിൽ കുമരകം, തലയോലപ്പറമ്പ് സ്റ്റേഷനതിർത്തികളിലും എറണാകുളം ജില്ലയിൽ കാലടി, കോതമംഗലം, തൃശൂർ ജില്ലയിൽ—ഗുരുവായൂർ, തൃശൂർ സോമിൽ റോഡ്, തൃശൂർ എസ്. കെ. റ്റി., നഗർ, പാലക്കാട് ജില്ലയിൽ നാട്ടുകാൽ, കൊണ്ടോട്, കോട്ടായി പോലീസ് സ്റ്റേഷൻ പരിധിയിൽ മാഞ്ഞൂർ, കുഴൽമന്ദം പി.എസ്. പരിധിയിൽ കുളവൻമൂക്ക്, തേങ്കുമുളി, വെള്ളപ്പാറ, പുതുനഗരം പി.എസ്. പരിധിയിൽ പെരുവെമ്പ്, ഒറ്റപ്പാലം, അഗളി, മലപ്പുറം ജില്ലയിൽ—മഞ്ചേരി പി.എസ്. ലിമിറ്റിൽ നക്കയം, കോഴിക്കോട് സിറ്റിയിൽ നടക്കാറ്, ചേവായൂർ, ഏലത്തൂർ എന്നീ പോലീസ് സ്റ്റേഷൻ പരിധിയിലും കോഴിക്കോട് റൂറൽ ജില്ലയിൽ—എടച്ചേരി, നാദാപുരം, പേരാമ്പ്ര, നന്മണ്ട, കണ്ണൂർ ജില്ലയിൽ മട്ടന്നൂർ പി.എസ്. അതിർത്തി എന്നിവിടങ്ങളിൽ കോളവിരുദ്ധ സമരത്തിന്റെ ഭാഗമായി അക്രമസംഭവങ്ങൾ ഉണ്ടായി.

(ബി) ഉണ്ട്.

(സി) 4,81,955 രൂപയുടെ നഷ്ടമുണ്ടായി.

മാറാട് സംഭവത്തിൽ അറസ്റ്റിലായവർ

56 (4491) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാറാട് 2003-ൽ ഉണ്ടായ സംഭവത്തിന്റെ പേരിൽ ജൂലൈ 16 വരെ എത്രപേരെ അറസ്റ്റുചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിൽ എത്രപേർക്ക് ജാമ്യം നൽകിയിട്ടുണ്ടെന്നും എത്രപേർ ഇപ്പോഴും റിമാന്റിൽ കഴിയുന്നുവെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 141 പ്രതികളെ അറസ്റ്റുചെയ്തു.

(ബി) അറസ്റ്റു ചെയ്ത 141 പ്രതികളിൽ 7 പേർക്ക് കോടതി ജാമ്യം നൽകിയിട്ടുണ്ട് (ജുവനൈൽ കോടതി 5 പേർക്കും ഹൈക്കോടതി 2 പേർക്കും). 134 പേർ ഇപ്പോഴും റിമാന്റിൽ കഴിയുന്നു.

LIBRARY ARCHIVES Kerala Legislative Assembly